റോഡ് നിർമ്മാണത്തിന് 2018-19, 2019-20, 2020-21 വർഷങ്ങളിൽ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. എന്നാൽ മതിയായ ബഡ്ജറ്റ് വിഹിതം ഇല്ലാത്തതിനാൽ ഭരണാനുമതി നൽകാൻ കഴിഞ്ഞിരുന്നില്ല. നടപ്പുവർഷത്തെ ബഡ്ജറ്റിൽ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മതിയായ ബഡ്ജറ്റ് വിഹിതം ഉള്ളതിനാൽ ഏകദേശം 3.3 കോടി രൂപ ആവശ്യമായ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

(ഡി) തിരൂർ പൊൻമുണ്ടം ആർ.ഒ.ബി.-യുടെ ഭരണാനുമതി നൽകുന്ന നടപടി ഏത് ഘട്ടത്തിലാണെന്നും ആർ.ഒ.ബി.-യുടെ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനാവശ്യമായ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും അറിയിക്കുമോ ?

തിരൂർ പൊന്മുണ്ടം ബൈപ്പാസിൽ വിഭാവനം ചെയ്ത പൊന്മുണ്ടം ROB-യുടെ റെയിൽവേ ലൈനിന് മുകളിലുള്ള ഭാഗം 2018-ൽ ഇന്ത്യൻ റെയിൽവേയുടെ ഫണ്ടും കേരള സംസ്ഥാന ഫണ്ടും ഉപയോഗിച്ച് പൂർത്തീകരിച്ചതാണ്. തുടർന്ന് ഇതിന്റെ അപ്രോച്ച് റോഡ് ലാൻഡ് സ്പാൻ മാതൃകയിൽ നിർമ്മിക്കുന്നതിന് 2018-19, 2019-20, 2020-21 വർഷങ്ങളിൽ മതിയായ ബഡ്ജറ്റ് വിഹിതം ഇല്ലാത്തതിനാൽ ഭരണാനുമതി നൽകാൻ കഴിഞ്ഞിരുന്നില്ല. 24 കോടി രൂപയുള്ള പ്രസ്തുത പ്രൊപ്പോസൽ 2021-22-ലെ നബാർഡ് Tranche-XXVII-ൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

മുളപ്പുറം കടവ് പാലം നിർമ്മാണം

82 (831) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മുളപ്പുറം കടവിൽ ചാലിയാറിന് കുറുകെ പാലം നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ആയതിന്റെ തുടർനടപടികൾ സ്വീകരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ-സി) ഉണ്ട്. Investigation work for the construction of the Vellayikkode Mulappuram bridge across Chaliyar in Malappuram District എന്ന പദ്ധതി കരാർ ഏറ്റെടുത്ത്, 18-10-2012-ൽ എഗ്രിമെന്റ് വയ്ക്കുകയും 17-1-2013-ൽ ഇൻവെസ്റ്റിഗേഷൻ ജോലികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ബഡ്ജറ്റ് വിഹിതം ഇല്ലാതിരുന്നതിനാൽ പാലം നിർമ്മാണത്തിന്റെ ഭരണാനുമതിക്കായി തുടർനടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly